കേരളകൗമുദി
22 September 2017

# മണ്ണില്ലാ നടീൽമിശ്രിതം വൻ ഹിറ്റ്

കൊച്ചി: കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന് കീഴിലെ കൃഷി വിജ്ഞാന കേന്ദ്രം വികസിപ്പിച്ച പുതിയ മണ്ണില്ലാ നടീൽ മിശ്രിതം വൻ ഹിറ്റ്. മണ്ണിന് പകരമായി ഉപയോഗിക്കാവുന്ന പോഷക സമ്പുഷ്ടമായ നടീൽ മിശ്രിതം പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിന് വേണ്ടി സംഘടിപ്പിച്ച വിപണ മേളയിൽ വൻതിരക്കായിരുന്നു.

ആയിരത്തോളം പേർ മിശ്രിതം വാങ്ങാനെത്തി. അയ്യായിരത്തോളം പായ്ക്കറ്റുകൾക്ക് മുൻകൂർ ബുക്കിംഗുമായി.




മിശ്രിതത്തിന്റെ പത്ത് കിലോയുടെ ഒരു പായ്ക്കറ്റിൽ ഗ്രോബാഗ്

ഇല്ലാതെ തന്നെ നേരിട്ട് കൃഷി ചെയ്യാം. മിശ്രിതം വ്യാവസായികാടിസ്ഥാനത്തിൽ തയ്യാറാക്കാമെന്ന ഓഫറുമായെത്തിയ 70 ഓളം പേർക്ക് മേളയിലെ ബിസിനസ് ഡസ്കിൽ നിന്ന് ആവശ്യമായ വിവരങ്ങൾ കൈമാറി.

ഡിമാൻഡ് കണക്കിലെടുത്ത് ഈ മാസം 26 ന് വീണ്ടും വിപണ മേള നടത്തുമെന്ന് ഡോ. ഷിനോജ് സുബ്രഹ്മണ്യൻ അറിയിച്ചു.

സംരംഭകത്വ പരിശീലനത്തിൽ പങ്കെടുക്കാനും മിശ്രിതം ആവശ്യമുള്ളവർക്കും വിളിക്കാം: 8281757450